# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3417 — 14.10.2011-ൽ മറുപടിയ്ക്ക്

## പഴക്കംചെന്ന തേക്ക് മരങ്ങളുടെ വിപണനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.പി.സജീന്ദ്രൻ | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട് സും സിനിമയും വകുപ്പുമന്ത്രി) |
| (എ) തേക്ക് പ്ലാന്റേഷനുകളിൽ എത്ര കോടി രൂപയുടെ തേക്കുമരങ്ങളാണ് വെട്ടുവാനുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) തേക്ക് പ്ലാന്റേഷനുകളിൽ നിന്നും ഏകദേശം 1240 കോടി രൂപയുടെ തേക്ക് മരങ്ങളാണ് വെട്ടുവാനുള്ളത്. |
| (ബി) പഴക്കം ചെന്ന തേക്കുമരങ്ങൾ വിപണനം നടത്തി തുക ഖജനാവിൽ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) അംഗീകൃത വർക്കിംഗ് പ്ലാൻ പ്രകാരം പഴക്കം ചെന്ന തേക്ക് മരങ്ങൾ തീർത്ത് വെട്ട് നടത്തി തടികൾ സർക്കാർ തടി ഡിപ്പോയിൽ ഇറക്കി പരസ്യലേലത്തിലൂടെയും, ടെണ്ടർ പ്രകാരവും വിപണനം നടത്തുന്നുണ്ട്. |
| (സി) വനം വകുപ്പിൽ ഫോറസ്റ്റ് കൺസർവേറ്റർമാർ ആവശ്യത്തിനുണ്ടെങ്കിലും വനവൽക്കരണം പ്രോത്സാഹിപ്പിക്കാൻ ഫലപ്രദമായ നടപടി സ്വീകരിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) അംഗീകരിച്ച വാർഷിക പ്രവർത്തന പദ്ധതി അനുസരിച്ചുള്ള വനവൽക്കരണം നടപ്പാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ഡി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ വനവൽക്കരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) തേക്ക് തോട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതി, വ്യവസായിക ആവശ്യങ്ങൾക്ക് പൾപ് വുഡ് തോട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതി, ഔഷധ തോട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതി, മറ്റ് ഘനമര ഇനത്തിൽപ്പെട്ട വനവൃക്ഷ തോട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള പദ്ധതി, ക്ഷയോൻമുഖമായ വനങ്ങളുടെ പുനരുദ്ധാരണ പദ്ധതി എന്നിവയിലൂടെ വനം വകുപ്പിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ഏകദേശം 8250 ഹെക്ടർ വനഭൂമിയിൽ വനവൽക്കരണം നടത്തിയിട്ടുണ്ട്. വനേതരഭൂമിയിൽ നടപ്പിലാക്കി വരുന്ന വനവൽക്കരണ പദ്ധതികളായ ഹരിതകേരളം ഒന്നാം ഘട്ടം പ്രകാരം 2009-2010 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾ വഴി 37.4 ലക്ഷം വിവിധ ഇനം തൈകൾ വിതരണം ചെയ്തിട്ടുണ്ട്, ഹരിത കേരളം രണ്ടാം ഘട്ടം പ്രകാരം 2009-2010 വർഷം 79.51 ലക്ഷം തൈകൾ വിതരണം |

ചെയ്ത് നട്ടുപിടിപ്പിച്ചു. കൂടാതെ ചുമട്ടുതൊഴിലാളികളുടെ പങ്കാളിത്തത്തോടെ വഴിയോര തണൽ, കണ്ടൽക്കാട് സംരക്ഷണം, കുട്ടനാട് പാക്കേജ്, സുവർണ്ണോദ്യാനം എന്നീ പദ്ധതികൾ പ്രകാരവും വൃക്ഷ തൈകളും കണ്ടൽ തൈകളും വച്ചുപിടിപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**